REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 06-04-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **രാമേശ്വരത്തെ പുതിയ പാമ്പൻ പാലം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാജ്യത്തിന് സമർപ്പിക്കും.**
- **രാഷ്ട്രപതി ദ്രൗപതി മുർമു പോർച്ചുഗൽ, സ്ലോവാക്യ സന്ദർശനത്തിന് ഇന്ന് പുറപ്പെടും.**
- **CPIM 24-ാം പാർട്ടി കോൺഗ്രസ് വൈകിട്ട് മധുരയിൽ സമാപിക്കും. MA ബേബി ജനറൽ സെക്രട്ടറിയായേക്കുമെന്ന് റിപ്പോർട്ട്.**
- **വഖഫ് ബില്ലിനെതിരെ മുസ്ലീംലീഗ് സുപ്രീംകോടതിയെ സമീപിക്കുമെന്ന് ലീഗ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി.**
- **ISL ഫുട്ബോളിൽ FC ഗോവ, ബംഗളൂരു FC-യുമായി വൈകിട്ട് ഗോവയിൽ ഏറ്റുമുട്ടും.**

## വാർത്തകൾ വിശദമായി

രാമേശ്വരത്തെ പുതിയ പാമ്പൻ പാലം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാജ്യത്തിന് സമർപ്പിക്കും. രാമേശ്വരത്തെ ഇന്ത്യൻ വൻകരയുമായി ബന്ധിപ്പിക്കുന്ന പാമ്പൻപാലം രാജ്യത്തെ വാസ്തുവിദ്യാ വിസ്മയങ്ങളിൽ ഒന്നാണ്. ശ്രീലങ്കൻ സന്ദർശനം പൂർത്തിയാക്കിയാണ് പ്രധാനമന്ത്രി രാമേശ്വരത്തേക്ക് എത്തുന്നത്.

രാജ്യത്തെ ആദ്യ വെർട്ടിക്കൽ ലിഫ്റ്റ് സംവിധാനത്തോട് കൂടിയ പാമ്പൻ പാലത്തിന് രണ്ട് കിലോമീറ്റർ നീളമുണ്ട്. 550 കോടി രൂപ ചെലവിലാണ് പുതിയ

പാമ്പൻ പാലം നിർമ്മിച്ചത്. രണ്ട് റെയിൽപാതകളോട് കൂടിയ പാലം ഭാവിയിലെ ആവശ്യങ്ങൾ കൂടി മുൻനിർത്തി നിർമ്മിച്ചതാണ്.

പാലത്തിലൂടെ ആദ്യമായി കടന്നുപോകുന്ന രാമേശ്വരം-താംബരം എക്സ്പ്രസ് അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്യും. രാമ നവമി ദിവസമായ ഇന്ന് രാമേശ്വരം ക്ഷേത്രത്തിൽ പ്രധാനമന്ത്രി ദർശനം നടത്തും.

1914 ൽ നിർമ്മിച്ച പഴയ പാമ്പൻ പാലത്തിലൂടെ ട്രെയിൻ ഗതാഗതം 2022 ൽ നിർത്തി വെച്ചിരുന്നു. ഈ പാലം ഇനി രാമേശ്വരത്തെ സാംസ്കാരിക പ്രതീകമായി സൂക്ഷിക്കും.

തമിഴ്നാട്ടിലെ 8,300 കോടി രൂപയുടെ റെയിൽ-റോഡ് പദ്ധതികൾക്കും പ്രധാനമന്ത്രി ചടങ്ങിൽ തുടക്കമിടും. കേന്ദ്രമന്ത്രിമാരായ അശ്വിനി വൈഷ്ണവും ഡോ. L മുരുകനും ഇന്നലെ മുതൽ രാമേശ്വരത്ത് ക്യാമ്പ് ചെയ്ത് പാലത്തിന്റെ ഉദ്ഘാടനത്തിന്റെ മുന്നൊരുക്കങ്ങൾക്ക് മേൽനോട്ടം വഹിച്ചു.

✪✪✪

ഇന്ത്യൻ സഹായത്തോടെ ശ്രീലങ്കയിൽ നിർമ്മിച്ച മഹോ ഓമനത്തായ് റെയിൽവേ പദ്ധതിയും, സിഗ്നലിംഗ് സംവിധാനവും ഉദ്ഘാടനം ചെയ്തു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും, ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകയും ചേർന്നാണ് പദ്ധതികൾ ഉദ്ഘാടനം ചെയ്തത്.

ഇന്നലെ ശ്രീലങ്കൻ പ്രസിഡന്റുമായി നരേന്ദ്രമോദി ഉഭയകക്ഷി ചർച്ച നടത്തി. ശ്രീലങ്കയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ മിത്ര വിഭൂഷൺ നരേന്ദ്രമോദിക്ക് സമ്മാനിച്ചു.

✪✪✪

ഇന്ത്യൻ സഹായത്തോടെ ശ്രീലങ്കയിൽ നിർമ്മിച്ച മഹോ ഓമനത്തായ് റെയിൽവേ പദ്ധതിയും, സിഗ്നലിംഗ് സംവിധാനവും ഉദ്ഘാടനം ചെയ്തു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും, ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകയും ചേർന്നാണ് പദ്ധതികൾ ഉദ്ഘാടനം ചെയ്തത്.

ഇന്നലെ ശ്രീലങ്കൻ പ്രസിഡന്റുമായി നരേന്ദ്രമോദി ഉഭയകക്ഷി ചർച്ച നടത്തി. ശ്രീലങ്കയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ മിത്ര വിഭൂഷൺ നരേന്ദ്രമോദിക്ക് സമ്മാനിച്ചു.

✪✪✪

ഇന്ന് രാമ നവമി. രാഷ്ട്രപതി ദ്രൗപതി മുർമു ജനങ്ങൾക്ക് രാമ നവമി ആശംസകൾ നേർന്നു. സത്യത്തിന്റേയും ധർമ്മത്തിന്റേയും വഴിയെ സഞ്ചരിക്കുന്നവർക്ക് ശ്രീരാമന്റെ ഇതിഹാസ ജീവിതം എന്നും

പ്രചോദനമാണെന്ന് അവർ പറഞ്ഞു. അർപ്പണ ബോധത്തോടെയും പ്രതിബദ്ധതയോടെയും മാനവ സേവ നടത്തുകയെന്ന സന്ദേശമാണ് രാമനവമിയുടെ സന്ദേശമെന്നും ദ്രൗപതി മുർമു ആശംസാസന്ദേശത്തിൽ പറഞ്ഞു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു പോർച്ചുഗൽ, സ്ലോവാക്യ സന്ദർശനത്തിന് ഇന്ന് പുറപ്പെടും. രാത്രി രാഷ്ട്രപതി പോർച്ചുഗലിലെത്തും. ഈ മാസം പത്തുവരെയാണ് രണ്ട് രാജ്യങ്ങളിലേയും സന്ദർശനം. പോർച്ചുഗൽ സന്ദർശന വേളയിൽ രാഷ്ട്രപതി പ്രസിഡന്റ് മാർസെലോ റെബലോ ഡിസൂസയുമായി പ്രതിനിധിതല ചർച്ച നടത്തും. കൂടാതെ പോർച്ചുഗൽ പ്രധാനമന്ത്രി ലൂയീസ് മോണ്ടിനെഗ്രോയുമായും നാഷണൽ അസംബ്ലി പ്രസിഡന്റ് ജോസ് പെഡ്രോ അഗ്വയർ ബ്രാങ്കോ എന്നിവരുമായും ദ്രൗപതി മുർമു കൂടിക്കാഴ്ച നടത്തും.

സ്ലോവാക്യയിൽ പ്രസിഡന്റ് പീറ്റർ പെല്ലഗ്രിനി, പ്രധാനമന്ത്രി റോബർട്ട് ഫിക്കോ എന്നിവരുമായി രാഷ്ട്രപതി ഉഭയകക്ഷി ചർച്ചകൾ നടത്തും.

✪✪✪

ഭാരതീയ ജനതാ പാർട്ടി 45-ാം സ്ഥാപക ദിനം ഇന്ന് ആഘോഷിക്കുന്നു. 1980 ഏപ്രിൽ ആറിനാണ് BJP യുടെ തുടക്കം.

പ്രധാനമന്ത്രി നരേന്ദ്രമോദിയും, BJP ദേശീയ അധ്യക്ഷൻ JP നദ്ദയും സ്ഥാപകദിനത്തിൽ പാർട്ടിപ്രവർത്തകർക്ക് ആശംസകൾ നേർന്നു. കഠിനാധ്വാനം, പോരാട്ടം, സഹനം എന്നിവയിലൂടെ പാർട്ടി കെട്ടിപ്പടുക്കാൻ ശ്രമിച്ച നിസ്വാർത്ഥരായ പ്രവർത്തകരെ പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിലൂടെ അഭിനന്ദിച്ചു. രാജ്യവ്യാപകമായി പാർട്ടിയുടെ വളർച്ചയിൽ പങ്കുവഹിച്ച നേതാക്കളെയും പ്രവർത്തകരെയും JP നദ്ദ അഭിനന്ദിച്ചു.

✪✪✪

കേരളത്തിലെ NDA മുന്നണി ജനങ്ങളുടെ ജീവിതത്തിൽ മാറ്റം കൊണ്ടുവരാനാണ് പ്രവർത്തിക്കുന്നതെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. എല്ലാവർക്കുമൊപ്പം എല്ലാവർക്കും വികസനം എന്നതാണ് BJP യുടെ ദൗത്യം. കേരളം ഒന്നാമത് എന്നതാണ് കേരള ഘടകത്തിന്റെ ലക്ഷ്യമെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. എല്ലാ ജില്ലാ BJP ഓഫീസുകളിലും ഇന്നുമുതൽ ഹെൽപ് ഡെസ്ക്ക് പ്രവർത്തനം തുടങ്ങും. പൊതുജനങ്ങൾക്ക് ഹെൽപ് ഡെസ്ക്കിൽ നിന്ന് പ്രശ്നപരിഹാരം ലഭ്യമാക്കും. കൂടെയുണ്ട് ഞങ്ങൾ എന്നതാണ് സംസ്ഥാനത്തെ പാർട്ടി

മുദ്രാവാക്യമെന്നും അദ്ദേഹം  വ്യക്തമാക്കി. BJP മാധ്യമങ്ങളെ ബഹുമാനിക്കുന്ന പാർട്ടിയാണെന്നും രാജീവ് ചന്ദ്രശേഖർ  പറഞ്ഞു.

✪✪✪

വഖഫ് നിയമ ഭേദഗതിയിലൂടെ മുനമ്പത്തെ പ്രശ്നത്തിന് പരിഹാരം കാണാനാവുമെന്ന് BJP മുൻ  സംസ്ഥാന പ്രസിഡണ്ട് K . സുരേന്ദ്രൻ കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു. ഒമ്പതാം തീയ്യതി ന്യൂന പക്ഷ മന്ത്രി തന്നെ മുനമ്പത്ത്  വരുന്നുണ്ട്. മുനമ്പത്തെ ജനങ്ങളുടെ റവന്യു അവകാശം സംരക്ഷിക്കുന്നത് വരെ BJP ഒപ്പമുണ്ടാകുമെന്ന് അദ്ദേഹം അറിയിച്ചു. LDF ലും UDF ലും വിശ്വാസം നഷ്ടമായതുകൊണ്ടാണ് കത്തോലിക്കാ സഭ പുതിയ പാർട്ടി എന്ന ആശയം മുന്നോട്ടു വെച്ചതെന്നും അദ്ദേഹം വിലയിരുത്തി.  BJP സ്ഥാപകദിനത്തോട് അനുബന്ധിച്ച്  കോഴിക്കോട് മാരാർജി ഭവനിൽ സുരേന്ദ്രൻ പതാക ഉയർത്തി.

✪✪✪

വഖഫ് ബില്ലിനെതിരെ മുസ്ലീംലീഗ് സുപ്രീംകോടതിയെ സമീപിക്കുമെന്ന്  ലീഗ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി മലപ്പുറത്ത് അറിയിച്ചു. ലീഗിനു വേണ്ടി സുപ്രീംകോടതിയിൽ ഹാജരാകാൻ പ്രമുഖ അഭിഭാഷകൻ കപിൽ സിബലുമായി നാളെ ന്യൂഡൽഹിയിൽ ചർച്ച നടത്തും.

ക്രൈസ്തവ സഭയുടെ സ്വത്തു സംബന്ധിച്ച സംഘപരിവാറിന്റെ ഉള്ളിലിരുപ്പ് പുറത്തുവന്നുകഴിഞ്ഞു. മറ്റ്  വിഭാഗങ്ങളുടെ നേർക്കും അവരുടെ സമീപനം ഇത്തരത്തിലായിരിക്കുമെന്ന് കുഞ്ഞാലിക്കുട്ടി അഭിപ്രായപ്പെട്ടു.  മുനമ്പം പ്രശ്നം രമ്യമായി പരിഹരിക്കാനാണ് ലീഗിന്റെ ആഗ്രഹം. ഇക്കാര്യത്തിൽ എല്ലാ പിന്തുണയും നൽകുമെന്ന് അദ്ദേഹം  വ്യക്തമാക്കി. മലപ്പുറം ജില്ലയെക്കുറിച്ച് വെള്ളാപ്പള്ളി നടേശൻ നടത്തിയ പ്രസ്താവന പൊതുസമൂഹം തള്ളിയതായും ഇതേപ്പറ്റി ചർച്ച ചെയ്യേണ്ട കാര്യം തന്നെയില്ലെന്നും  കുഞ്ഞാലിക്കുട്ടി അഭിപ്രായപ്പെട്ടു.

✪✪✪

CPIM 24-ാം പാർട്ടി കോൺഗ്രസ് വൈകിട്ട്  മധുരയിൽ സമാപിക്കും. ഉച്ചകഴിഞ്ഞ് മധുര പാണ്ടിക്കോവിൽ പരിസരത്തു നിന്ന് ചുവപ്പ് സേനാ മാർച്ചും പ്രകടനവും തുടങ്ങും.

കരട് സംഘടനാ റിപ്പോർട്ടിൽ 54 പേർ പങ്കെടുത്ത ചർച്ച ഇന്നലെ പൂർത്തിയായി.  ചർച്ചയ്ക്ക് രാവിലെ പൊളിറ്റ്ബ്യൂറോ അംഗം BV രാഘവുലു മറുപടി നൽകി. സംഘടനാ റിപ്പോർട്ട്  അംഗീകരിച്ച  ശേഷം പുതിയ കേന്ദ്ര

കമ്മിറ്റിയെയും, ജനറൽ സെക്രട്ടറിയേയും, കേന്ദ്ര കൺട്രോൾ കമ്മീഷനെയും പാർട്ടി കോൺഗ്രസ്സ് തെരഞ്ഞെടുക്കും.

MA ബേബി CPIM ജനറൽ സെക്രട്ടറിയായേക്കുമെന്നാണ് സൂചന. പൊളിറ്റ് ബ്യൂറോ അദ്ദേഹത്തെ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് ശുപാർശ ചെയ്തു എന്നാണ് മാധ്യമ റിപ്പോർട്ടുകൾ.

✪✪✪

'ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ്' സംവിധാനം നടപ്പിലാക്കിയാൽ ഇന്ത്യ ഒന്നര ശതമാനം അധിക വളർച്ച കൈവരിക്കുമെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. ഇതിലൂടെ രാജ്യത്തിന്റെ GDPയിൽ 4.5 ലക്ഷം കോടി രൂപയുടെ വർധനയുണ്ടാകുമെന്നും നിർമ്മല സീതാരാമൻ ചെന്നൈയിൽ പറഞ്ഞു.

✪✪✪

ഗവൺമെന്റിനെ വിമർശിക്കാൻ കത്തോലിക്ക സഭ ഉൾപ്പെടെ എല്ലാവർക്കും അവകാശമുണ്ടെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. വനം വകുപ്പിനെതിരെ ഉയർന്ന പ്രതിഷേധങ്ങളോട് കോഴിക്കോട്ട് പ്രതികരിക്കുകയായിരുന്നു മന്ത്രി.

✪✪✪

ഈ അധ്യയന വർഷത്തെ സൗജന്യ കൈത്തറി യൂണിഫോം വിതരണം ബുധനാഴ്ച ആരംഭിക്കും. മന്ത്രി V.ശിവൻകുട്ടി സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കും.

✪✪✪

ഹരിത ശുചിത്വ പരിപാലന രംഗത്ത് മാതൃകപരമായ മുന്നേറ്റമാണ് കണ്ണൂർ ജില്ല കാഴ്ച വെക്കുന്നത്.

ആകാശവാണി ജില്ലാ പ്രതിനിധി K.O ശശിധരന്റെ റിപ്പോർട്ട്.

....(വോയ്സ്).........

✪✪✪

ഐ-ലീഗ് ഫുട്ബോളിൽ ജേതാക്കളെ തീരുമാനിക്കുന്ന നിർണായകമായ മൂന്ന് മത്സരങ്ങൾ ഇന്ന്. മൂന്നിടങ്ങളിലാണ് മത്സരങ്ങൾ. വൈകിട്ട് നാലിന് കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ ഗോകുലം കേരള FC , ഡെംപോ SC ഗോവയെ നേരിടും. ശ്രീനഗറിൽ ചർച്ചിൽ ബ്രദേഴ്സ്, ആതിഥേയരായ

റിയൽ കശ്മീരുമായും ഏറ്റുമുട്ടും. മൂന്നാം മത്സരത്തിൽ ബംഗാളിൽ രാജസ്ഥാൻ യൂണൈറ്റഡ്, ഇന്റർ കാശിയെ നേരിടും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് FC ഗോവ, ബംഗളൂരു FC-യുമായി ഏറ്റുമുട്ടും. ഗോവ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ഹൈദരാബാദിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ഇന്നലെ അന്തരിച്ച സന്തോഷ്ട്രോഫി മുൻ ഫുട്ബോൾ താരം കണ്ണൂർ പയ്യന്നൂർ അന്നൂരിലെ M.ബാബുരാജിന്റെ മൃതദേഹം രാവിലെ മൂരികൊവ്വൽ സമുദായ ശ്മശാനത്തിൽ സംസ്കരിച്ചു. കേരള പൊലീസ് ടീമിന്റെ മികച്ച കളിക്കാരനായിരുന്നു ബാബുരാജ്.

✪✪✪

തിരക്കഥാ രചയിതാവും പ്രമുഖ നോവലിസ്റ്റുമായ കാഞ്ഞാർ സോമനാഥ് നിര്യാതനായി. 67 വയസ്സായിരുന്നു. മംഗളം, മനോരമ, മാതൃഭൂമി തുടങ്ങിയ പത്രങ്ങളിലും മറ്റ് പ്രസിദ്ധീകരണങ്ങളിലും സോമനാഥ് എഴുതിയ നോവലുകളും കഥകളും ഏറെ ജനപ്രിയമായിരുന്നു.

✪✪✪

കോഴിക്കോട് കുന്നമംഗലത്ത് പത്താം മൈലിൽ KSRTC ബസും ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രക്കാരൻ മരിച്ചു. മലപ്പുറം മഞ്ചേരി സ്വദേശി മുഹമ്മദ് ജസീലാണ് മരിച്ചത്. കൂടെയുണ്ടായിരുന്ന ആളെ പരുക്കുകളോടെ മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ചു.

✪✪✪

മലപ്പുറം പരിയാപുരത്ത് ഓട്ടോയും കണ്ടെയ്നർ ലോറിയും കൂട്ടിയിടിച്ച് ഒരാൾ മരിച്ചു. ഓട്ടോ യാത്രക്കാരനായ ഏഴൂർ പറവൂർപടി വിജേഷാണ് മരിച്ചത്.

✪✪✪

കൽപ്പറ്റ പോലീസ് സ്റ്റേഷനിലെ യുവാവിന്റെ ആത്മഹത്യയിൽ രണ്ട് പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തു.

ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ASI ദീപ, CPO ശ്രീജിത്ത് എന്നിവരെയാണ് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തത്. യുവാവിന്റെ ആത്മഹത്യക്ക് ഇടയാക്കിയത് ഇവരുടെ ജാഗ്രത കുറവാണെന്നാണ് കണ്ടെത്തൽ.

✪✪✪

കണ്ണൂർ കൂത്തുപറമ്പിനടുത്ത് മാങ്ങാട്ടിടത്ത് രണ്ട് കിലോയിലേറെ കഞ്ചാവ് പൊലീസ് പിടികൂടി. ഒരാളെ കസ്റ്റഡിയിലെടുത്തു.

കോഴിക്കോട്ട് ഇന്നലെ MDMAയുമായി ലഹരിമരുന്ന് വിൽപനക്കാരനായ ഒരാളെ പൊലീസ് പിടികൂടി. വെസ്റ്റ് ഹിൽ അത്താണി സ്വദേശി നിസാമുദീനെയാണ് നടക്കാവ് പൊലീസ് അറസ്റ്റ് ചെയ്തത്.

മാവൂരിൽ നൂറ് ഗ്രാമോളം കഞ്ചാവുമായി മാവൂർ കണ്ണിപറമ്പ് സ്വദേശി പ്രവീഷിനെയും പൊലീസ് കസ്റ്റഡിയിലെടുത്തു. പരിശോധനയ്ക്കിടെ നിർത്താതെ പോയ വാഹനത്തെ പിന്തുടർന്ന് അഞ്ച് ഗ്രാം കഞ്ചാവുമായി മറ്റ് രണ്ട് പേരെയും പൊലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader:വികെ സുരേഷ്*
*News Team: ഫസ്നഫാത്തിമ, രജിന കെ*
*DEO: ഷീബ*